ലേഖനം

# ഇസ്‌ലാമിക് ബാങ്കിംഗ് ഇന്ത്യയിൽ (വികസനത്തിനൊരു കൈത്താങ്ങ്)

ഒ.കെ ഫാരിസ് കുറ്റ്യാടി



**ഇസ്‌ലാമിക്** ബാങ്കിംഗിന്റെ ചരിത്രം പരിശോധിക്കുമ്പോൾ നമുക്കൊരു കാര്യം വ്യക്തമാകും, അതിന്റെ താത്ത്വിക വളർച്ചയിൽ ഏറ്റവും വലിയ സംഭാവനകളർപ്പിച്ചത് ഇന്ത്യൻ സാമ്പത്തിക വിശാരദരാണ്. ഉർദുവിലും ഇംഗ്ലീഷിലുമായി ഇസ്‌ലാമിക സമ്പദ്ശാസ്ത്രത്തിൽ വന്നിട്ടുള്ള അധിക പുസ്തകങ്ങളും ഇന്ത്യയുടെ സംഭാവനയാണ്. ഇന്നും, ആഗോളാടിസ്ഥാനത്തിൽ അതിന് ഏറെ സംഭാവനകളർപിച്ചുകൊണ്ടിരിക്കുന്നത് ഡോ. നജാത്തുല്ല സിദ്ദീഖി, ഡോ. എഫ്.ആർ ഫരീദി, ഡോ. ഔസാഫ് അഹ്മദ്, ഡോ. ശാരിക് നിസാർ, ഡോ. ബാഗ്സിറാജ് തുടങ്ങിയ ഇന്ത്യക്കാരായ ഇസ്‌ലാമിക സാമ്പത്തിക വിദഗ്ധരാണ്. ഇസ്‌ലാമിക് ബാങ്കിംഗിന്റെ പ്രാഗ് രൂപമെന്ന നിലക്ക് ആദ്യ ധനകാര്യ സ്ഥാപനം പ്രവർത്തനമാരംഭിച്ചത് ഈജിപ്തിലാണെന്നാണ് പറയാറുള്ളതെങ്കിലും അതിനും എത്രയോ മുമ്പുതന്നെ ഇന്ത്യയിൽ അതിന് തുടക്കംകുറിച്ചിട്ടുണ്ട്. 1923-ൽ ഹൈദരാബാദിൽ Anjuman imdad-e-Bahmi Qurdh Billa Sud- Baithulmal, 1934-ൽ ഗുജറാത്തിൽ Patni Co-operative Credit Society, 1939-ൽ ഉത്തർപ്രദേശിലെ റാംപൂരിൽ Muslim Fund, Tada Bassli - Baithulmal എന്നീ പേരുകളിൽ ആരംഭിച്ച ധനകാര്യ സ്ഥാപനങ്ങൾ ഉദാഹരണം. നിർഭാഗ്യമെന്നു പറയട്ടെ, ഇസ്‌ലാമിക് ബാങ്കിംഗ് ഏറെ ലോക ശ്രദ്ധ പിടിച്ചുപറ്റിയ ഈ സന്ദർഭത്തിൽ നിയമപരമായ തടസ്സങ്ങൾ കാരണം അത് പൂർണരൂപത്തിൽ നടപ്പിലാക്കാൻ നമ്മുടെ രാജ്യത്ത് ഇന്ന് സാധിക്കുന്നില്ല. ഇന്ത്യയിലുള്ളത് ഇസ്‌ലാമിക ധനകാര്യ സ്ഥാപനങ്ങളോ (NBFC -Non Banking Financial Institutions) പലിശരഹിത നിധികളോ ഒക്കെയാണ്. ഇവ ഒട്ടേറെ ഉണ്ടെങ്കിലും ശക്തമായ ഒരു മുന്നേറ്റം സാധിക്കുന്നില്ല.

"ഇന്ത്യയിൽ 300ൽപരം ഇസ്‌ലാമിക് സൊസൈറ്റികൾ ഉണ്ടെന്നാണ് ഏറ്റവും പുതിയ റിപ്പോർട്ട്. അവ നിക്ഷേപം സ്വീകരിക്കുകയും പണം കടംനൽകുകയും ചെയ്യുന്നു. പക്ഷേ പലിശ നിഷിദ്ധമായതിനാൽ അതുപയോഗപ്പെടുത്തി ബിസിനസ് നടത്താൻ കഴിയുന്നില്ല. മാത്രമല്ല, അവക്ക് സ്വയം ബാങ്കായി മാറാനും കഴിയില്ല. കാരണം പലിശ രഹിതമായ ഒരു ബാങ്കിംഗ് രീതിയും ഗവൺമെന്റ് അനുവദിക്കുന്നില്ല. അവയിൽ ചിലത് 200 കോടി രൂപ വരെ പലിശരഹിത നിക്ഷേപം സ്വീകരിച്ചവയാണ്. പക്ഷേ അവക്ക് ആ പണം നിക്ഷേപിക്കാനുള്ള ഒരവസരവും ലഭിക്കുന്നില്ല"- ഡോ. ശാരിക് നിസാർ പറയുന്നു.

ഇന്ത്യൻ ബാങ്കിംഗ് രംഗത്തെ നിയന്ത്രിക്കുന്നത് പ്രധാനമായും നാല് നിയമങ്ങളാണ്.

1) Banking Regulation Act - 1949

2) Reserve Bank of India Act - 1934

3) Negotiable Instrument Act - 1881

4) Co-operative Societies Act - 1961

ഈ നിയമങ്ങളെല്ലാം തന്നെ പലിശാധിഷ്ഠിത ബാങ്കിംഗ് വ്യവസ്ഥയെ മുന്നിൽ കണ്ടുകൊണ്ട് നിർമിച്ചവയാണ്. അതിനാൽതന്നെ പലിശ രഹിത ബാങ്കിംഗ് രീതിയെ ഇത് പരാമർശിക്കുന്നേയില്ല. പക്ഷേ പലിശ രഹിത ബാങ്കിംഗ് അല്ലെങ്കിൽ ഇസ്‌ലാമിക് ബാങ്കിംഗ് പാടില്ലെന്ന് ഈ നിയമങ്ങളിൽ പ്രത്യക്ഷ സൂചനയില്ലെങ്കിലും ഇവയുടെ പല സെഷനുകളും ഇസ്‌ലാമിക് ബാങ്കിന്റെ സുഗമമായ നടത്തിപ്പിന് വിലങ്ങുതടിയായി നിലകൊള്ളുന്നു. അവയിൽ ഏറെ പ്രാധാന്യമർഹിക്കുന്നവ താഴെ:

## 1) Section 5(b) and 5(c) of Banking Regulation Act - 1949

ഈ വകുപ്പുപ്രകാരം ബാങ്കിന് ലാഭനഷ്ട പങ്കാളിത്ത രീതിയിൽ മറ്റു സ്ഥാപനങ്ങളിൽ നിക്ഷേപിക്കാൻ പാടില്ല. ബാങ്കുകൾ സാധാരണയായി പലിശക്ക് കടം കൊടുക്കുകയാണ് ചെയ്യുന്നത്. എന്നാൽ പലിശ നിഷിദ്ധമായതിനാൽ ഇസ്‌ലാമിക ബാങ്കുകൾ സ്വീകരിച്ചുവരുന്നത് ലാഭനഷ്ട പങ്കാളിത്ത രീതിയാണ്. അവ നിക്ഷേപിക്കുന്നതും ലാഭം നേടുന്നതും ഇതേ രീതിയിലാണ്. അതുകൊണ്ട് ഇസ്‌ലാമിക് ബാങ്കിന് ഇന്ത്യയിൽ തടസ്സം സൃഷ്ടിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു ആക്ടാണിത്.

## 2) Section 8 of Banking Regulation Act - 1949

ഈ നിയമാവലി പ്രകാരം പ്രത്യക്ഷമായോ പരോക്ഷമായോ വാങ്ങൽ-വിൽക്കലുകൾ (Buying and selling of goods) നടത്താനോ ബാർട്ടർ രീതിയിൽ സാധനങ്ങൾ കൈമാറ്റം ചെയ്യാനോ പാടില്ല. ഇത് ഇസ്‌ലാമിക് ബാങ്കിംഗിന്റെ മുറാബഹ, ഇജാറ തുടങ്ങിയ രീതികൾക്ക് തടസ്സം നൽകുന്നു.

## 3) Section 9 of Banking Regulation Act - 1949

ഓഫീസ് കെട്ടിടം പോലെ സ്വന്തം ആവശ്യത്തിനുള്ള ജംഗമവസ്തുക്കൾ മാത്രം ഉപയോഗിക്കാനേ ഈ സെക്ഷൻ ബാങ്കിന് അനുവാദം നൽകുന്നുള്ളൂ. മറ്റു ജംഗമവസ്തുക്കളൊന്നും ഉപയോഗിക്കാൻ പാടില്ല. ഇത് ഇജാറ രീതിയിൽ ഇസ്‌ലാമിക് ബാങ്ക് നടത്തുന്ന ഹൗസിംഗ് ഫൈനാൻസിന് തടസ്സം സൃഷ്ടിക്കുന്നു.



**"കേരളത്തിൽ മുസ്‌ലിംകളുടെ 5000 കോടി രൂപ പലിശയിനത്തിൽ മാത്രമായി ബാങ്കുകളിൽ കെട്ടിക്കിടപ്പുണ്ട്. ജനങ്ങൾ അവരുടെ പണം സ്വർണത്തിലും ആഭരണങ്ങളിലുമൊക്കെയാണ് ഇപ്പോൾ നിക്ഷേപിക്കുന്നത്. ഇത് സാമ്പത്തിക ശാസ്ത്ര വീക്ഷണത്തിൽ ഏറെ മോശം നിക്ഷേപമാണ്" - ഡോ. ശരീക് നിസാർ പറയുന്നു.**

## 4) Section 21 of Banking Regulation Act - 1949

ഇത് പലിശയുമായി ബന്ധപ്പെട്ട നിയമമാണ്. ഇതു പ്രകാരം നിക്ഷേപകർക്ക് അവരുടെ നിക്ഷേപത്തിന് പലിശ നൽകണം. ബാങ്കിന്റെ ഒരു ബാധ്യതയായാണിത് കണക്കാക്കപ്പെടുന്നത്. പലിശ ഇസ്‌ലാം നിഷിദ്ധമാക്കിയതിനാൽ ഇതും ഇസ്‌ലാമിക് ബാങ്കിന് പ്രധാനമായ ഒരു വിലങ്ങുതടിയാണ്.

ഇത്തരം നിയമങ്ങളിൽ ഭേദഗതി വരുത്തുകയോ പ്രത്യേക നിയമം കൊണ്ടുവരികയോ ചെയ്താൽ ഇന്ത്യയിലും ഇസ്‌ലാമിക് ബാങ്കിംഗ് തുടങ്ങാൻ സാധിക്കും. അമേരിക്ക, ബ്രിട്ടൻ, ജർമനി, ഫ്രാൻസ് തുടങ്ങിയ വൻ ശക്തികൾപോലും അവരുടെ നിയമങ്ങളിൽ ഇസ്‌ലാമിക് ഫൈനാൻസിനാവശ്യമായ ഭേദഗതി നടപ്പിലാക്കിയിരിക്കെ ഇന്ത്യയും അവരുടെ പാത പിന്തുടരുമെന്ന് പ്രതീക്ഷിക്കാം. അതിനുള്ള ചില നീക്കങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ആരംഭിച്ചു കഴിഞ്ഞു.

### രഘുറാം കമ്മിറ്റി റിപ്പോർട്ട്

ഇന്റർനാഷ്നൽ മോണിറ്ററി ഫണ്ടി(ഐ.എം.എഫ്)ന്റെ മുഖ്യസാമ്പത്തിക വിദഗ്ധനായിരുന്ന രഘുറാം രാജൻ അധ്യക്ഷനായ കമ്മിറ്റിയാണ് CFSR (Committee on Financial Sector Reforms). ഇന്ത്യൻ ധനകാര്യ മേഖലയിലെ നവീകരണം ലക്ഷ്യമിട്ടാണ് ഈ ഉന്നതാധികാര കമ്മിറ്റിയെ നിയോഗിച്ചത്. പ്രധാനമന്ത്രിയുടെ മുഖ്യ ധനകാര്യ ഉപദേശക കമ്മിറ്റിയാണിത്. 2008 ഏപ്രിൽ 7 നാണ് ഈ കമ്മിറ്റി ആദ്യമായി റിപ്പോർട്ട് സമർപ്പിച്ചത്. അതിൽ പലിശ രഹിത ബാങ്കിംഗിനെ കുറിച്ച് പ്രതിപാദിച്ചിരുന്നു. 2008 സെപ്റ്റംബർ 12-ന് സമർപ്പിച്ച സമഗ്രമായ റിപ്പോർട്ടിൽ ഇസ്‌ലാമിക് ബാങ്കിംഗ് എന്ന പേരിൽ തന്നെ ചില ഭാഗങ്ങൾ ഉൾപ്പെടുത്തി. എന്നാൽ വരാനിരിക്കുന്ന തെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് 'ഇസ്‌ലാമിക് ബാങ്കിംഗ്' എന്നതിന് പകരം 'പലിശരഹിത ബാങ്കിംഗ്' എന്നാക്കി മാറ്റിയെഴുതി. എങ്കിലും റിപ്പോർട്ടിൽ യാതൊരു മാറ്റവും വരുത്തിയില്ല. പേര് എന്തുതന്നെയായാലും റിപ്പോർട്ട് ഇസ്‌ലാമിക് ബാങ്കിംഗിനെക്കുറിച്ച് തന്നെയായിരുന്നു. റിപ്പോർട്ട് സമർപ്പിക്കുന്ന കാലത്ത് പ്ലാനിംഗ് കമീഷന്റെ ചെയർമാൻ കൂടിയായിരുന്നു രഘുറാം രാജൻ.

അവസാനം നൽകിയ റിപ്പോർട്ടിൽ രണ്ടുപേജ് പ്രതിപാദിക്കുന്നത് Equity Financeനെ കുറിച്ചാണ്. കടത്തിന്മേൽ പലിശ ചുമത്തുന്നതിന് പകരം Equity Financing ഉപയോഗിക്കുന്ന ഇസ്‌ലാമിക് ഫൈനാൻസിന്റെ രീതിയാണ് അതിൽ ചർച്ച ചെയ്യുന്നത്. രഘുറാം പറയുന്നു: "പലിശ രഹിത ബാങ്കിംഗ് എന്നത് ഒരിക്കലും ഒരു ധർമസ്ഥാപനമല്ല. മറിച്ച് നിക്ഷേപകനോ, കടം നൽകുന്നവനോ പലിശ കിട്ടില്ല. പകരം ലാഭവിഹിതം പങ്കുവെക്കുന്ന രീതിയാണ് അത് സ്വീകരിക്കുന്നത്" NBFC ആയോ Co-operative ആയോ ഇസ്‌ലാമിക ധനകാര്യസ്ഥാപനങ്ങൾ നടത്താൻ അനുമതി നൽകണമെന്നല്ല കമ്മിറ്റി ശിപാർശ ചെയ്തത്. മറിച്ച്, പലിശ രഹിത ധനകാര്യ സമ്പ്രദായം അതിന്റെ പൂർണതയോടെ നടപ്പിൽ വരുത്തണമെന്നാണ്. അതായത്, പലിശ രഹിത ബാങ്കിന്റെ രൂപത്തിൽ തന്നെ അതിനെ കൊണ്ടുവരണമെന്നാണ് കമ്മിറ്റിയുടെ നിർദേശം.

ഹൈദരാബാദ് കേന്ദ്രമായി പ്രവർത്തിക്കുന്ന 'Basix' എന്ന മൈക്രോ ഫൈനാൻസ് സ്ഥാപനത്തിന്റെ ചെയർമാനും രഘുറാം കമ്മിറ്റി അംഗവുമായ വിജയ് മഹാജൻ പറയുന്നു: "മുംബൈയിലെ മുസ്‌ലിം നേതാക്കളുമായി ഞങ്ങൾ കൂടിക്കാഴ്ച നടത്തിയപ്പോൾ ഞങ്ങൾക്ക് മനസ്സിലായത്, ഇന്ത്യയുടെ സാമ്പത്തിക മേഖലയിൽ ക്രിയാത്മകമായി ഇടപെടുന്ന ഒന്നായി മുസ്‌ലിം സമുദായത്തെ മാറ്റിയെടുക്കണമെങ്കിൽ തീർച്ചയായും ഇത് (ഇസ്‌ലാമിക് ബാങ്കിംഗ്) റിപ്പോർട്ടി

ന്റെ ഭാഗമായി ഉൾപ്പെടുത്തണമെന്നാണ്."

രംഘുറാം കമ്മിറ്റിക്ക് പ്രചോദനമായ മറ്റൊന്ന് സച്ചാർ കമ്മിറ്റി റിപ്പോർട്ടാണ്. ഈ റിപ്പോർട്ട് പറയുന്നത് 'ധനകാര്യ മേഖലയിലെ അവഗണനയുടെ മുഖ്യ ഇരയാണ് മുസ്‌ലിം സമുദായം' എന്നാണ്. "Micro equity finance മുഖ്യധാരാ ബാങ്കിംഗിന്റെ തന്നെ ഒരു ഭാഗമാക്കണമെന്ന് ഞങ്ങൾ ശിപാർശ ചെയ്യുന്നു. എല്ലാ ബാങ്കുകളും മൈക്രോ ഫൈനാൻസ് സ്ഥാപനങ്ങളും Micro equity finance നൽകണം. ഇതുവഴി ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥക്ക് യാതൊരു പ്രതിബന്ധവും സൃഷ്ടിക്കാതെ ഇസ്‌ലാമിക് ബാങ്കിംഗ് നടത്തിക്കൊണ്ടുപോകാൻ കഴിയും"- മഹാജൻ കൂട്ടിച്ചേർത്തു.

## ഇന്ത്യൻ വികസനത്തിനൊരു കൈത്താങ്ങ്

ഇന്ത്യ ഒരു ബഹുസ്വര സമൂഹമാണ്. വ്യത്യസ്ത ജാതി, മത, വർണ, ഭാഷകളെ അത് പ്രതിനിധാനം ചെയ്യുന്നു. അതുകൊണ്ടുതന്നെ ഇന്ത്യയുടെ വികസനം സാധ്യമാകുന്നത് ബഹുസ്വരതയെ പരമാവധി ഉൾക്കൊള്ളുമ്പോഴാണ്. ഓരോ ജാതിയുടെയും മതത്തിന്റെയും താൽപര്യങ്ങളെ നീതിപൂർവം നടപ്പാക്കുകയും അവ സംരക്ഷിക്കുകയും വേണം. അത് ഗവൺമെന്റിന്റെ ബാധ്യതയാണ്.

ഇസ്‌ലാമിക് ബാങ്കിംഗ് ഇന്ത്യയിൽ വരുന്നതോടെ ഇന്ത്യയിലെ മുസ്‌ലിം വിഭാഗത്തിന് മാത്രമല്ല അത് പ്രയോജനപ്പെടുക. അത് എല്ലാ ജാതി മതസ്ഥർക്കും ഉപയോഗപ്പെടുന്ന ഒന്നായിമാറും. മുസ്‌ലിംകൾക്ക് പലിശ നിഷിദ്ധമായതിനാൽ ശരീഅത്ത് ആവിഷകരിച്ചു നൽകിയ ഒരു ബാങ്കിംഗ് രീതിയാണ് ലാഭ നഷ്ട പങ്കാളിത്ത രീതി (Profit and Loss Sharing System). മുസ്‌ലിംകൾ നടപ്പിലാക്കിയതിനാൽ ഇത് ലോകത്ത് ഇസ്‌ലാമിക് ബാങ്കിംഗ് എന്ന പേരിലാണ് അറിയപ്പെടുന്നത്. എന്നാൽ ഇത് പലിശാധിഷ്ഠിത ബാങ്കിംഗ് രീതിക്ക് ഒരു ബദലായോ സമാന്തരമായോ ലോകത്തെ ഏതൊരു മനുഷ്യനും ഉപയോഗപ്പെടുത്താൻ കഴിയും. ലോകത്തെങ്ങും ഇസ്‌ലാമിക് ബാങ്കിംഗ് ഉപയോഗപ്പെടുത്തുന്ന മുസ്‌ലിമേതര വിഭാഗങ്ങൾ വർധിച്ചുവരികയാണ്.

ബ്രിട്ടനിലെയും മലേഷ്യയിലെയും അനുഭവം ഇതിന് തെളിവാണ്. മലേഷ്യയിലെ ഇസ്‌ലാമിക് ബാങ്കുകളിൽ ഗണ്യമായ തോതിൽ ചൈനീസ് ബിസ്നസുകാർ നിക്ഷേപിക്കുന്നു. ബ്രിട്ടീഷ് ഇസ്‌ലാമിക് ബാങ്കിന്റെ ഉപഭോക്താക്കളി



**വിജയ് മഹാജൻ പറയുന്നു: "മുംബൈയിലെ മുസ്‌ലിം നേതാക്കളുമായി ഞങ്ങൾ കൂടിക്കാഴ്ച നടത്തിയപ്പോൾ ഞങ്ങൾക്ക് മനസ്സിലായത്, ഇന്ത്യയുടെ സാമ്പത്തിക മേഖലയിൽ ക്രിയാത്മകമായി ഇടപെടുന്ന ഒന്നായി മുസ്‌ലിം സമുദായത്തെ മാറ്റിയെടുക്കണമെങ്കിൽ തീർച്ചയായും ഇത് (ഇസ്‌ലാമിക് ബാങ്കിംഗ്) റിപ്പോർട്ടിന്റെ ഭാഗമായി ഉൾപ്പെടുത്തണമെന്നാണ്."**

ലും അമുസ്‌ലിം സാന്നിധ്യം വർധിച്ചുവരികയാണ്. ഇതുപോലെ ഇന്ത്യയിലെ ഭൂരിപക്ഷ ജനവിഭാഗത്തിനും ഇത് ഉപയോഗപ്പെടുത്താൻ സാധിക്കും.

ഇന്ത്യൻ മുസ്‌ലിംകൾക്കും ഇത് ഏറെ പ്രതീക്ഷ നൽകുന്നുണ്ട്. ഇസ്‌ലാമിക് ബാങ്കിംഗ് അനുവദിക്കുന്നതോടെ ഇന്ത്യയിലെ മുസ്‌ലിം ജനവിഭാഗം സാമ്പത്തിക രംഗത്ത് നേരിടുന്ന പല പ്രധാന പ്രതിസന്ധികൾക്കും പരിഹാരമാകും. ഇന്ത്യയിലെ ബാങ്കിംഗ് രംഗം പലിശാധിഷ്ഠിതമായതിനാൽ മിക്ക മുസ്‌ലിംകളും ബാങ്കുമായി വളരെ ചെറിയ തോതിലുള്ള ബന്ധം മാത്രമാണ് പുലർത്തുന്നത്. പണം കൈമാറാനും ചില ബിസിനസ് ആവശ്യങ്ങൾക്കായി എക്കൗണ്ട് തുടങ്ങാനും മാത്രമാണ് അവർ ബാങ്കുമായി ബന്ധപ്പെടുന്നത്. ഫിക്സഡ് ഡെപ്പോസിറ്റ്, ലോണെടുക്കുക തുടങ്ങിയ സാമ്പത്തിക ക്രയവിക്രയങ്ങൾക്ക് പലിശാധിഷ്ഠിതമായ ഈ സംവിധാനത്തിൽ മുസ്‌ലിംകൾ തയാറാവുന്നില്ല. രാഷ്ട്ര പുരോഗതിക്കായി മുസ്‌ലിംകളുടെ പണം കാര്യക്ഷമമായി ഉപയോഗിക്കാൻ കഴിയാതെ വന്നിരിക്കുന്നു.

"കേരളത്തിൽ മുസ്‌ലിംകളുടെ 5000 കോടി രൂപ പലിശയിനത്തിൽ മാത്രമായി ബാങ്കുകളിൽ കെട്ടിക്കിടപ്പുണ്ട്. ജനങ്ങൾ അവരുടെ പണം സ്വർണത്തിലും ആഭരണങ്ങളിലുമൊക്കെയാണ് ഇപ്പോൾ നിക്ഷേപിക്കുന്നത്. ഇത് സാമ്പത്തിക ശാസ്ത്ര വീക്ഷണത്തിൽ ഏറെ മോശം നിക്ഷേപമാണ്"- ഡോ. ശാരിക് നിസാർ പറയുന്നു. അതിനാൽ മുസ്‌ലിം സമ്പന്നരുടെ പണം സമൂഹത്തിന് നല്ല രീതിയിൽ പ്രയോജനപ്പെടുത്താനോ മുസ്‌ലിംദരിദ്രർക്ക് പലിശ രഹിത കടം ലഭ്യമാക്കാനോ സഹായിക്കുന്നില്ല. ഇത് ഇന്ത്യയിൽ മുസ്‌ലിം പിന്നാക്കാവസ്ഥയുടെ മുഖ്യ കാരണങ്ങളിലൊന്നാണ്. ഇസ്‌ലാമിക് ബാങ്കിന്റെ കടന്നുവരവ് ഇന്ത്യൻ മുസ്‌ലിംകളും മറ്റു ജനവിഭാഗങ്ങളും തമ്മിലുള്ള സാമ്പത്തിക അന്തരം കുറക്കൽ സാധ്യമാക്കും.

"ഇന്ത്യയിൽ ഏതാണ്ട് 154 മില്യൻ മുസ്‌ലിംകളുണ്ട്. അവരുടെ നിക്ഷേപം തീർച്ചയായും 5000 കോടിക്ക് മുകളിൽ വരും. ഇതോടൊപ്പം വിദേശ നിക്ഷേപവും എൻ.ആർ.ഐ സമ്പാദ്യവും ഉൾപ്പെടുത്തിയാൽ ഇത് ഇനിയും വർധിക്കും"- ഡോ. ശാരിക് നിസാർ പറഞ്ഞു.

ഇസ്‌ലാമിക് ബാങ്കിംഗിന്റെ ഇന്ത്യയിലേക്കുള്ള കടന്നുവരവ് ഇന്ത്യയുടെ വികസനത്തിന് ഒരു കൈത്താങ്ങാകുമെന്ന് തീർച്ച. ഇന്ത്യയിലെ ബഹുഭൂരിപക്ഷവും പട്ടിണിപ്പാവങ്ങളാണ്. ഇസ്‌ലാമിക് ബാങ്കിംഗിലൂടെ മൈക്രോ ഫൈനാൻസ് രീതിയിൽ കൃഷിക്കാർക്കും ചെറുകിടക്കാർക്കുമൊക്കെ വായ്പകൾ നൽകിയാൽ ഗ്രാമീണ മേഖല അഭിവൃദ്ധിപ്പെടും. മാത്രമല്ല, ഇന്ന് നടക്കുന്ന കർഷക ആത്മഹത്യകൾ മിക്കതും പലിശയുടെ ധൃതരാഷ്ട്രാലിംഗനത്തിന്റെ ഫലമാണ്. ഇസ്‌ലാമിക് ബാങ്കിംഗ് വഴി ലാഭ-നഷ്ട പങ്കാളിത്ത രീതിയിൽ കടം ലഭിക്കുന്നതിനാൽ നഷ്ടം വന്നാലും കർഷകന് ആത്മഹത്യ ചെയ്യേണ്ടി വരില്ല. ഇന്ത്യയിലെ അടിസ്ഥാന ജനവിഭാഗങ്ങളുടെ ഒരാശ്രയമായി മാറാൻ ഇതിന് കഴിയും. ബിസിനസ് രീതികൾ ഉപയോഗപ്പെടുത്തുന്നതിനാൽ ഇസ്‌ലാമിക് ബാങ്കുകളുടെ വരവോടെ ഒരുപാട് നവ സംരംഭങ്ങൾ ഉദയം ചെയ്യും. സമ്പന്നരായ ഒരുപാട് ഇന്ത്യൻ മുസ്‌ലിംകളുടെ പണം വികസനത്തിന് അനുഗുണമായ രീതിയിൽ ഉപയോഗപ്പെടുത്താനും സാധിക്കും.

ഇന്ത്യയിൽ ഇസ്‌ലാമിക് ബാങ്കുകൾ തുടങ്ങുന്നതിലൂടെ അതിന്റെ ഉപഭോക്താക്കളായി മാറുന്നത് ഇന്ത്യക്കാർ മാത്ര

**മലേഷ്യയിൽ ഇസ്‌ലാമിക് ബാങ്കിംഗ് വ്യവസ്ഥയുടെ ഭാഗമായി ശരീഅ ഫണ്ട് ആരംഭിക്കാൻ റിലയൻസിന് അംഗീകാരം കിട്ടിക്കഴിഞ്ഞു. ''അതേസമയം, ഇന്ത്യയിൽ ഇപ്പോഴും അത്തരത്തിലൊന്ന് ആരംഭിക്കാൻ അനുവാദം ലഭിച്ചിട്ടില്ല''. റിലയൻസ് ക്യാപിറ്റൽ അസെറ്റ് മാനേജ്മെന്റ് ലിമിറ്റഡിന്റെ ചീഫ് എക്സിക്യൂട്ടീവായ സന്ദീപ് സിക്ക പറയുന്നു.**



മായിരിക്കില്ല. ആഗോളീകരണത്തിന്റെ ഇക്കാലത്ത് പല രാഷ്ട്രങ്ങളുടെയും വിദേശ നിക്ഷേപം ഇവിടേക്ക് കടന്നുവരും. ലോകത്ത് വളരെ കുറച്ചുമാത്രം മുസ്‌ലിംകളുള്ള രാഷ്ട്രങ്ങൾ പോലും ഇസ്‌ലാമിക് ഫൈനാൻസിന്റെ വലിയ മാർക്കറ്റുകളായി മാറുന്നത് വിദേശ നിക്ഷേപം സ്വീകരിച്ചുകൊണ്ടാണ്. അറബ് ഗൾഫ് രാഷ്ട്രങ്ങളുടെ എണ്ണപ്പണം ഇന്ത്യയിലേക്ക് ധാരാളമായി ഒഴുകുന്നതിന് കാര്യമായ തടസ്സം സൃഷ്ടക്കുന്നത് പലിശാധിഷ്ഠിത വ്യവസ്ഥിതിയാണെന്ന് തിരിച്ചറിയണം. മുംബൈയിലെ ഇദാഫ ഇൻവെസ്റ്റ്മെന്റ് മേധാവി അശ്റഫ് മുഹമ്മദി പറയുന്നു: "നമുക്ക് മില്യൺ കണക്കിന് പെട്രോ ഡോളറുകളാണ് നഷ്ടമാകുന്നത്. അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യൻ വിപണിയിലേക്ക് കടന്നുവരാതെ ഇവ വഴിമാറിപ്പോകുന്നത് മലേഷ്യ പോലുള്ള ചെറുവിപണിയിലേക്കാണ്. ഇസ്‌ലാമിക് ബാങ്കിംഗ് രീതി നടപ്പിൽ വന്നാൽ അതുവഴി എണ്ണപ്പണം ധാരാളമായി ഇന്ത്യയിലേക്ക് വരുമെന്നതിൽ സംശയംവേണ്ട. പാശ്ചാത്യ രാഷ്ട്രങ്ങളിൽ പലതും സാമ്പത്തിക പ്രതിസന്ധി നേരിടുകയും ലോക സാമ്പത്തിക രംഗം ഇന്ത്യ, ചൈന പോലുള്ള രാഷ്ട്രങ്ങളിലേക്ക് ഉറ്റുനോക്കുകയും ചെയ്യുന്ന ഈ സന്ദർഭം ഇസ്‌ലാമിക് ബാങ്കിംഗിന് തുടക്കംകുറിക്കാൻ ഏറെ അനുയോജ്യമാണ്."

ഇന്ത്യയിൽ ഇസ്‌ലാമിക് ബാങ്കിംഗ് തുടങ്ങാൻ മുഖ്യ തടസ്സം ഇവിടത്തെ രാഷ്ട്രീയ സാഹചര്യങ്ങളാണ്. അശ്റഫ് മുഹമ്മദി പറയുന്നു: "ഏറ്റവും വലിയ പ്രശ്നം രാഷ്ട്രീയമാണ്. ഇസ്‌ലാമിക് ബാങ്കിംഗ് തുടങ്ങാനുള്ള ചെറിയ ശ്രമങ്ങൾ പോലും മുസ്‌ലിം പ്രീണനമായാണ് വിലയിരുത്തപ്പെടുന്നത്." റിലയൻസ്, ടാറ്റ തുടങ്ങിയ വൻകിട കമ്പനികൾ ഇസ്‌ലാമിക് ബാങ്കിംഗിനായി അനുമതി പ്രതീക്ഷിച്ചുനിൽക്കുന്നു എന്നത് നമുക്ക് പ്രതീക്ഷ നൽകുന്നു. മലേഷ്യയിൽ ഇസ്‌ലാമിക് ബാങ്കിംഗ് വ്യവസ്ഥയുടെ ഭാഗമായി ശരീഅ ഫണ്ട് ആരംഭിക്കാൻ റിലയൻസിന് അംഗീകാരം കിട്ടിക്കഴിഞ്ഞു. ''അതേസമയം, ഇന്ത്യയിൽ ഇപ്പോഴും അത്തരത്തിലൊന്ന് ആരംഭിക്കാൻ അനുവാദം ലഭിച്ചിട്ടില്ല''- റിലയൻസ് ക്യാപിറ്റൽ അസെറ്റ് മാനേജ്മെന്റ് ലിമിറ്റഡിന്റെ ചീഫ് എക്സിക്യൂട്ടീവായ സന്ദീപ് സിക്ക പറയുന്നു. രാഷ്ട്രീയ പ്രതിബന്ധങ്ങൾ മറികടന്ന് രാഷ്ട്ര വികസനത്തിന് ഏറെ പ്രതീക്ഷകൾ നൽകുന്ന ഈ ബാങ്കിംഗ് സംവിധാനം ഒട്ടും വൈകാതെ തുടങ്ങാൻ നമ്മുടെ രാജ്യത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കാം. ■

okfaris@gmail.com